**പതിമൂന്നാം കേരള നിയമസഭ**
**എട്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട
നിയമസഭാ ചോദ്യം നം.150

22.03.2013 ലെ മറുപടിക്ക്

# അധികാരവികേന്ദ്രീകരണം

| ചോദ്യം<br>ശ്രീ.കെ.മുരളീധരൻ<br>ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ<br>ശ്രീ. വർക്കല കഹാർ | ഉത്തരം<br>ഡോ.എം.കെ.മുനീർ<br>പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി |
|---|---|
| (എ) അധികാര വികേന്ദ്രീകരണം ശക്തിപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നത് ; വിശദമാക്കുമോ ; | (എ) പന്ത്രണ്ടാം പദ്ധതി മാർഗ്ഗ രേഖയിൽ അധികാര വികേന്ദ്രീകരണം ശക്തിപ്പെടുത്തുന്നതിനായി ഒട്ടേറെ നിർദ്ദേശങ്ങൾ സർക്കാർ പുറത്തിറക്കിയിട്ടുണ്ട്. തദ്ദേശ സ്ഥാപനങ്ങൾക്ക് കൂടുതൽ സ്വാതന്ത്ര്യം അനുവദിച്ചുകൊണ്ട് പദ്ധതികൾ രൂപീകരിക്കാനും നിർവഹണം നടത്താനും നിർദ്ദേശിച്ചിട്ടുണ്ട്. പദ്ധതികൾക്ക് സാങ്കേതികാനുമതി നല്കുന്നതിന് സങ്കീർണ്ണമല്ലാത്ത രീതിയാണ് അവലംബിച്ചിരിക്കുന്നത്. |
| (ബി) ഇതിനായുള്ള പഠനത്തിന് തദ്ദേശ സ്ഥാപന കമ്മീഷൻ രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; വിശദാംശങ്ങൾ എന്തെല്ലാം ; | (ബി) 22.10.12 ലെ ജിഒ(എംഎസ്)273/ 12/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം ലോക്കൽ ഗവൺമെന്റ് കമ്മീഷൻ രൂപീകരിച്ചിട്ടുണ്ട്. പരിചയവും വൈദഗദ്ധ്യ വുമുള്ള ഒരു മുതിർന്ന രാഷ്ട്രീയ നേതാവ് ചെയർപേഴ്സണായും, രണ്ട് മുതിർന്ന രാഷ്ട്രീയ നേതാക്കൾ, റിട്ടയർ ചെയ്തതോ സേവനത്തിലുള്ളതോ ആയ നാല് മുതിർന്ന ഉദ്യോഗസ്ഥർ, തദ്ദേശ സർക്കാരുകളെ കുറിച്ച് നല്ല അവഗാഹമുള്ള രണ്ടോ മൂന്നോ പ്രവർത്തകർ, പരിചയം തെളിയിച്ച ഒന്നോ രണ്ടോ മുൻ തദ്ദേശ ഭരണ നേതാക്കൾ എന്നിവരെയാണ് കമ്മീഷനിൽ അംഗങ്ങളായി നിശ്ചയിച്ചിട്ടുള്ളത്. സർക്കാർ നിർദ്ദേശിച്ചിരിക്കുന്ന പ്രകാരം പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് കമ്മീഷന് 18 മാസത്തെ കാലാവധി അനുവദിച്ചിട്ടുണ്ട്. |
| (സി) കമ്മീഷൻ എന്തെല്ലാം കാര്യങ്ങളാണ് പഠന വിധേയമാക്കാൻ ഉദ്ദേശിക്കുന്നത് ; വിശദമാക്കുമോ ; | (സി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ പ്രാബല്യത്തിലുള്ള നിയമങ്ങളും ചട്ടങ്ങളും പുന:പരിശോധിച്ച് മാറ്റങ്ങളും കൂട്ടിച്ചേർക്കലുകളും നിർദ്ദേശിക്കുക, ഉദ്യോഗസ്ഥ സംവിധാനം പുന:പരിശോധിച്ച് സേവനത്തിന്റെ കാര്യപ്രാപ്തിയും ഗുണമേന്മയും വർദ്ധിപ്പിക്കുന്ന നടപടികൾ സ്വീകരിക്കുക, കപ്പാസിറ്റി ബിൽഡിംഗ് നടപടികൾ സ്വീകരിക്കുകയും അതിന്റെ ഫലപ്രാപ്തിയെക്കുറിച്ച് ഉപദേശം നല്കുകയും ചെയ്യുക, കാലാകാലങ്ങളിലുള്ള വെല്ലുവിളികൾ നേരിടുന്നതിലേക്ക് തദ്ദേശ |

| | | | |
|---|---|---|---|
| | | | സർക്കാരുകളുടെ നിലവിലുള്ള അധികാരങ്ങളെക്കുറിച്ച് പഠിക്കുകയും മാറ്റങ്ങൾ നിർദ്ദേശിക്കുകയും ചെയ്യുക, കൂടാതെ പദ്ധതി രൂപീകരണം, നിർവ്വഹണം എന്നിവയിൽ പ്രത്യേക ഊന്നൽ നല്കി കൂടുതൽ പങ്കാളിത്തം ഉറപ്പ് വരുത്തുന്നതിനും പദ്ധതി വിശകലനവും, വിലയിരുത്തലും ശക്തിപ്പെടുത്തൽ, ഡിപിസിയുടെ പ്രവർത്തനം, സ്റ്റാന്റിംഗ്-സ്റ്റിയറിംഗ് കമ്മിറ്റികളുടെ പ്രവർത്തനം, തദ്ദേശ സർക്കാരും മറ്റ് സർക്കാർ വകുപ്പുകളുമായുള്ള ബന്ധം എന്നിവയും പഠന വിധേയമാക്കേണ്ടതുണ്ട്. അക്കൗണ്ടബിലിറ്റി സംവിധാനം മെച്ചപ്പെടുത്തൽ സ്ഥാപനവൽക്കരണത്തിൽ നേരിടുന്ന പ്രശ്നങ്ങൾ പഠിച്ച് ശുപാർശ ചെയ്യുക എന്നിവയിലും കമ്മീഷൻ ശ്രദ്ധ പതിപ്പിക്കേണ്ടതുണ്ട്. |
| (ഡി) | ഇതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ;വിശദാംശങ്ങൾ എന്തെല്ലാം ? | (ഡി) | സർക്കാരിന്റെ 22.10.12 ലെ ജിഒ(എംഎസ്) 273/ 12/ തസ്വഭവ നമ്പർ പ്രകാരം ലോക്കൽ ഗവൺമെന്റ് കമ്മീഷൻ രൂപീകരിച്ച് ഉത്തരവാകുകയും പ്രസ്തുത കമ്മീഷന്റെ ടേംസ് ഓഫ് റഫറൻസ്, മെത്തഡോളജി, അധികാരം, സ്വീകരിക്കേണ്ട തുടർനടപടികൾ എന്നിവ വ്യക്തമാക്കുകയും ചെയ്തിട്ടുണ്ട്. 04/01/13 ലെ ജിഒ(എംഎസ്)നം. 8/13/തസ്വഭവ ഉത്തരവ് പ്രകാരം മുൻ തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി ശ്രീ.കുട്ടി അഹമ്മദ് കുട്ടിയെ കമ്മീഷന്റെ ചെയർമാനായി നിയമിച്ചുകൊണ്ട് ഉത്തരവായിട്ടുണ്ട്. 15/03/2013 ലെ ജിഒ(എംഎസ്) 98/13/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം രണ്ട് സീനിയർ ഓഫീസർമാരെയും രണ്ട് അക്കാഡമിസ്റ്റുകളെയും കമ്മീഷനിൽ അംഗങ്ങളായി നിയമിച്ചിട്ടുണ്ട്. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി കമ്മീഷന്റെ മെമ്പർ സെക്രട്ടറി/കൺവീനർ ആയിരിക്കുന്നതാണ്.<br><br>സെക്ഷൻ ഓഫീസർ |